(ബി) പഞ്ചായത്ത് പുനഃസംഘടനയ്ക്ക് മുമ്പേ പി. എസ്. സി. വഴി എക്സിക്യൂട്ടീവ് ആഫീസിൽ ഗ്രേഡ് 2-ൽ നിയമിച്ച എത്രപേർ 31-10-2004-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി സേവനമനുഷ്ഠിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(സി) പി. എസ്. സി. വഴി പഞ്ചായത്ത് സെക്രട്ടറിമാരായി നിയമനം ലഭിച്ചവരിൽ എത്രപേർ ജോലിക്ക് ഹാജരായിട്ടില്ല എന്ന് വെളിപ്പെടുത്താമോ ;

(ഡി) നിയമനം ലഭിച്ചവരിൽ എത്രപേർ മറ്റ് ജോലി ലഭിച്ച് പോയിട്ടുണ്ട് ; അത്തരം ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 224 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) 18 പേർ.

(സി) 18 പേർ.

(ഡി) 5 പേർ മറ്റു ജോലി സ്വീകരിച്ചുപോയിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികകളിലെ ഒഴിവുകൾ

101 [876] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ. ഡി. ക്ലാർക്ക്/ ബിൽ കളക്ടർ എന്നീ തസ്തികകളിൽ എൻ. ജെ. ഡി. ഒഴിവുകൾ എത്ര ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.സി./ബി.സി. തസ്തികകളിൽ താൽക്കാലിക ജീവനക്കാർ ആരെങ്കിലും ജോലി നോക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പിരിച്ചു വിടുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എൽ. ഡി. സി./ബി. സി. തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ഡി) പ്രസ്തുത വേക്കൻസികൾ പി.എസ്.സി.ക്ക് അടിയന്തിരമായി റിപ്പോർട്ടു ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 91 ഒഴിവുകൾ ഉണ്ട്.

(ബി) പി.എസ്.സി. മുഖാന്തിരം നിയമനം ലഭിച്ചു സേവനത്തിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികൾ നഗരസഭയിൽ പ്രവേശിക്കുന്ന മുറയ്ക്ക് താൽക്കാലിക ജോലിക്കാരെ പിരിച്ചുവിടുന്നുണ്ട്.

(സി) ഉണ്ട്. ഉദ്യോഗക്കയറ്റംമൂലം ഉണ്ടായ ഒഴിവുകൾ ഉൾപ്പെടെ ആകെ 231 എണ്ണം.

(ഡി) പി.എസ്.സി.ക്ക് ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ സ്ഥലംമാറ്റങ്ങൾ

102 [877] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ സ്വയംഭരണ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ നടന്ന സ്ഥലംമാറ്റങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത് സെക്രട്ടറിമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സ്ഥലംമാറ്റം പദ്ധതി പ്രവർത്തനത്തെ ബാധിക്കുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ സ്വയംഭരണ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ വിവിധ കാറ്റഗറികളിൽ ആയി താഴെപ്പറയുന്ന സ്ഥലം മാറ്റങ്ങൾ നടത്തിയിട്ടുണ്ട്.

	കാറ്റഗറി		എണ്ണം
1.	സീനിയർ സൂപ്രണ്ട്	..	1
2.	സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി	..	2
3.	ജൂനിയർ സൂപ്രണ്ട്	..	11
4.	ലോവർ ഗ്രേഡ് സെക്രട്ടറി	..	7
5.	ഹെഡ് ക്ലാർക്ക്	..	5
6.	യു. ഡി. ക്ലാർക്ക്	..	54

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly